"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്- തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് 2020-21 വാർഷിക പദ്ധതിയിൽ ഏറ്റെടുത്തിട്ടുള്ള 108 മോഡൽ ആംബുലൻസ് വാങ്ങൽ പദ്ധതി- 494/21- ഉത്തരവ് റദ്ദാക്കി പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡി.ബി) വകുപ്പ്**

**സ.ഉ.(സാധാ) നം.86/2021/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 12/01/2021

---

പരാമർശം:- 1 സ.ഉ(സാധാ) 1503/2020/ത.സ്വ.ഭ.വ തീയതി 03.08.2020

2 സ.ഉ(സാധാ) 1796/2020/ത.സ്വ.ഭ.വ തീയതി 30.09.2020

**ഉത്തരവ്**

തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് 2020-21 വാർഷിക പദ്ധതിയിൽ ഏറ്റെടുത്തിട്ടുള്ള 108 മോഡൽ ആംബുലൻസ് വാങ്ങൽ 494/21 എന്ന പദ്ധതിയിലൂടെ 3 ആംബുലൻസുകൾ വാങ്ങുന്നതിന് അനുമതി സംബന്ധിച്ച വിഷയത്തിൽ കോവിഡ് 19 മൂലമുള്ള അടിയന്തിര സാഹചര്യമായതിനാൽ ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് സെന്ററുകൾക്കും ആംബുലൻസ് സേവനം ആവശ്യമായിട്ടുള്ളതാണെന്നതിനാലും, ഈ സാഹചര്യത്തിൽ തിരുവനന്തപുരം ജില്ലാപഞ്ചായത്തിന് ലഭിച്ച അവാർഡ് തുക മാത്രം ഉപയോഗിച്ച് എല്ലാ നടപടി ക്രമങ്ങളും പാലിച്ചുകൊണ്ട് കൊണ്ടും ഡ്രൈവർക്കുള്ള ശമ്പളവും മറ്റു ചെലവുകളും HMC വഹിക്കേണ്ടതാണെന്ന നിബന്ധനയോടെയും രണ്ട് 108 മോഡൽ ആംബുലൻസുകൾ വാങ്ങാൻ ജില്ലാ പഞ്ചായത്തിന് അനുമതി നൽകിക്കൊണ്ട് പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

എന്നാൽ ഇതേ വിഷയത്തിൽ പരാമർശം (2) പ്രകാരമുള്ള സർക്കാർ ഉത്തരവിൽ 108 മോഡൽ ആംബുലൻസുകൾ വാങ്ങാൻ തിരുവനന്തപുരം ജില്ലാ പഞ്ചായത്തിന് അനുമതി നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (1) പ്രകാരം പുറപ്പെടുവിച്ച സർക്കാർ ഉത്തരവിലെ ഉള്ളടക്കം സംബന്ധിച്ച് പരാമർശം (2) പ്രകാരമുള്ള സർക്കാർ ഉത്തരവ് പുറപ്പെടുവിച്ച സാഹചര്യത്തിൽ പരാമർശം (1) ലെ സർക്കാർ ഉത്തരവ് റദ്ദാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**പാറ്റ്സി സ്റ്റീഫന്**
**ജോയിന്റ് സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

സെക്രട്ടറി, ജില്ലാ പഞ്ചായത്ത്, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം.

ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

File No.LSGD-DB3/41/2020-LSGD

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by
REENAMMA P A
Date: 2021.01.12 15:57:00 IST
Reason: Approved
സെക്ഷൻ ഓഫീസർ